ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

**നമ്പർ : എസി.ഡി.സ്പെ.(3)/40190/എച്ച്.എസ്.ഇ/2014** **തീയതി : 17/09/2014**

# സർക്കുലർ

വിഷയം:- **ഹ.സെ.വി-കേരള സ്കൂൾ ശാസ്ത്രമേളയ്ക്കായി സ്വർണ്ണകപ്പ് നിർമ്മിക്കുന്നത്-സംബന്ധിച്ച്**

സ.ഉ.(എം.എസ്) നമ്പർ 168/2014/പൊ.വി.വ തീയ്യതി.26/08/2014 പ്രകാരം സംസ്ഥാനത്തെ സർക്കാർ, എയിഡഡ്, അംഗീകൃത അൺ എയിഡഡ് വിദ്യാലയങ്ങളിലെ 1 മുതൽ 12-ാം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികളിൽ നിന്നും **ഒരു രൂപാ** വീതം സംഭാവനയായി സ്വരൂപിച്ച്, സംസ്ഥാന സ്കൂൾ ശാസ്ത്രമേളയ്ക്കായി ഒരു കിലോഗ്രാം (125 പവൻ) തൂക്കമുള്ള സ്വർണ്ണ കപ്പ് നിർമ്മിക്കുന്നതിനും പ്രസ്തുത തുക ശേഖരിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമായി പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, തിരുവനന്തപുരം , ജഗതി ബ്രാഞ്ചിൽ ഒരു എസ്.ബി. അക്കൗ ് തുടങ്ങുന്നതിനും ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു .

ആയതിനാൽ എല്ലാ ഗവൺമെന്റ്/ എയിഡഡ്/ അൺഎയിഡഡ് ഹയർ സെക്കന്ററി പ്രിൻസിപ്പൽമാരും **2014 സെപ്റ്റംബർ 23-ാം തീയതി രാവിലെ 10 മണി മുതൽ 11 മണി വരെയുള്ള ഒരു മണിക്കൂർ** സമയത്തിൽ വിദ്യാർത്ഥികളിൽ നിന്നും പ്രസ്തുത തുക ശേഖരിച്ച്, ആയത്, പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് കൈമാറുന്നതിനായി ഹൈസ്കൂൾ ഹെഡ്മാസ്റ്ററെ ഏൽപ്പിക്കേ താണ്.

ഹൈസ്കൂളില്ലാത്ത ഹയർ സെക്കന്ററി സ്കൂളിലെ പ്രിൻസിപ്പൽമാർ പ്രസ്തുത തുക സംസ്ഥാന പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റെടുത്ത് കവർലെറ്റർ സഹിതം പൊതു വിദ്യാഭ്യാസ ഡയറക്ടർ, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ജഗതി, തിരുവനന്തപുരം എന്ന വിലാസത്തിൽ അയച്ചു കൊടുക്കേ താണ്.

സർക്കുലറിലെ നിർദ്ദേശം തങ്ങളുടെ അധികാര പരിധിയിലുള്ള എല്ലാ ഗവൺമെന്റ്/എയിഡഡ്/ അംഗീകൃത അൺ എയിഡഡ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരും കൃത്യമായി പാലിക്കുന്നുെ ന്ന് ബന്ധപ്പെട്ട റീജിയണൽ ഡപ്യൂട്ടി ഡയറക്ടർമാർ ഉറപ്പുവരുത്തേ താണ്.

**ഒപ്പ്**
**ജോയിന്റ് ഡയറക്ടർ**
**(അക്കാദമിക്)**

കോപ്പി:

1. റീജിയണൽ ഡപ്യൂട്ടി ഡയറക്ടർമാർ
2. എല്ലാ സർക്കാർ/ എയിഡഡ്/ അംഗീകൃത അൺ എയിഡഡ് സ്കൂളിലെ പ്രിൻസിപ്പൽമാർ.